"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതശിശു വികസന വകുപ്പ്- കാതോർത്ത് പദ്ധതി നടപ്പാക്കുന്നതിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുള്ള ഉത്തരവ് പുതുക്കി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.54/2025/WCDD തീയതി,തിരുവനന്തപുരം, 05-02-2025

---

പരാമർശം:-
1. സ.ഉ(സാധാ)നം.45/2022/WCDD തീയതി. 17.01.2022.
2. വനിതശിശു വികസന ഡയറക്ടറുടെ 13.11.2024-ലെ DWCD/20167/2021-WEC4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സമൂഹത്തിൽ വിവിധതരം പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്നതിന് ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി വനിതശിശു വികസന വകുപ്പ് മുഖേന നടപ്പാക്കുന്നതിലേക്കായി സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനു പരാമർശം(1) പ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും, പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ ആയത് നടപ്പാക്കുന്നതിനായി വനിതശിശു വികസന ഡയറക്ടർ Centre for Development of Imaging Technology(C-DIT) ന് വർക്ക് ഓർഡർ നൽകുകയും, കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ടി സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനായി GST ഉൾപ്പെടെ ആകെ 17,72,360/- രൂപയുടെ പ്രൊപ്പോസലാണ് C-DIT സമർപ്പിച്ചിരുന്നതെങ്കിലും, കേരള സർക്കാരിനു കീഴിലെ IT മിഷന്റെ V-Meet online platform സൗജന്യനിരക്കിൽ ഉപയോഗിക്കാൻ സാധിച്ചതിനാൽ ഗുണഭോക്താവുമായി സംവദിക്കുന്നതിനുള്ള online platform വാങ്ങുന്നതിനുള്ള തുക ആവശ്യമായി വന്നില്ലയെന്നും ആയത് ഒഴിവാക്കി GST ഉൾപ്പെടെ ആകെ 13,62,900/- രൂപ മാത്രമാണ് ടി പ്രോജക്റ്റിന് ആവശ്യമായതെന്നും, ആയതിൽ വകുപ്പിൽ നിന്നും ആദ്യ ഗഡുവായി നൽകിയ 8,86,180/- രൂപ കുറവ് ചെയ്ത ശേഷം ഇനി 4,76,720/- രൂപ അനുവദിച്ചു നൽകണമെന്നും വനിതശിശു വികസന ഡയറക്ടർ അറിയിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ കാതോർത്ത് പദ്ധതിക്കായി സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനായി പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുതുക്കി, ടി ആവശ്യത്തിന് Centre for Development of Imaging Technologies (C-DIT)ന് രണ്ടാം

ഗഡുവായി നൽകാനുള്ള 4,76,720/- രൂപ (നാല് ലക്ഷത്തി എഴുപത്തിയാറായിരത്തി എഴുനൂറ്റി ഇരുപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 2235-02-103-68-03 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമൂഹത്തിൽ വിവിധതരം പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്നതിന് ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി നടപ്പാക്കുന്നതിലേക്കായി വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറിന്റെ സെക്യൂരിറ്റി ഓഡിറ്റ് empaneled ഏജൻസിയെ നിയോഗിച്ച് നടത്തേണ്ടതാണെന്നും AMC യ്ക്കായുള്ള പ്രൊവിഷൻ ഉറപ്പ് വരുത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ, കാതോർത്ത് പദ്ധതി നടപ്പാക്കുന്നതിലേക്കായി സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് ഭരണാനുമതി നല്കിയ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുതുക്കി, ടി ആവശ്യത്തിന് Centre for Development of Imaging Technologies (C-DIT) ന് രണ്ടാം ഗഡുവായി നൽകാനുള്ള 4,76,720/- രൂപ (നാല് ലക്ഷത്തി എഴുപത്തിയാറായിരത്തി എഴുനൂറ്റി ഇരുപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 2235-02-103-68-03 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.(Vide U.O.No.WCD-1/197/2024-FIN (E-2885580) dated 23.01.2025)
വെബ് ആന്റ് ന്യൂ മീഡിയ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി). കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 05-02-2025 15:04:45